**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3272

07.11.2019-ൽ മറുപടിക്ക്

**പാലക്കോട് പുഴയുടെ അഴിമുഖത്ത് പുലിമുട്ട് നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| കണ്ണൂർ ജില്ലയിലെ പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നത് കാരണം മണൽക്കുനയിൽ തട്ടി ഇടക്കിടെ ബോട്ടുകൾ മറിഞ്ഞ് അപകടം ഉണ്ടാവുന്നതും മത്സ്യബന്ധനയാനങ്ങൾ കരക്ക് അടുപ്പിക്കാൻ കഴിയാത്തതും കണക്കിലെടുത്ത് ഇതിനൊരു ശാശ്വത പരിഹാരമെന്നനിലക്ക് പുലിമുട്ട് നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | പുതിയങ്ങാടിയ്ക്ക് സമീപം പാലക്കോട് അഴിമുഖത്ത് റിവർ ട്രെയിനിംഗ് വർക്ക് നിർമ്മിക്കുന്നത് സംബന്ധിച്ച് CWPRS, പൂനെ മാതൃകാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ട് അനുസരിച്ച് 210 മീറ്റർ, 365 മീറ്റർ നീളമുള്ള 2 പുലിമുട്ടുകളാണ് നിർമ്മിക്കേണ്ടത്.<br>അടഞ്ഞ് കിടക്കുന്ന പൊഴികളായ പുതിയങ്ങാടി, ഷിറിയ, അജാനൂർ തുടങ്ങിയ പൊഴിമുഖങ്ങൾ വർഷം മുഴുവനും തുറന്നിരിയ്ക്കത്തക്കവിധത്തിൽ റിവർ ട്രെയിനിംഗ് വർക്ക് ചെയ്യുന്നതിനാവശ്യമായ പദ്ധതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ